പതിനാലാം കേരള നിയമസഭ
നാലാം സമ്മേളനം

| | |
|---|---|
| നക്ഷത്ര ചിഹ്നമിടാത്തചോദ്യം നം T 3624 | 14/03/2017 ൽ മറുപടി നല്കേണ്ടത്. |

**<u>ഫുഡ് ആന്റ് സേഫ്റ്റി ആക്ട് ഭേദഗതി</u>**

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ. ഇ. കെ. വിജയൻ** | | **ശ്രീമതി .കെ.കെ. ശൈലജ ടീച്ചർ** (ആരോഗ്യവും സാമൂഹ്യ നീതിയും വകുപ്പ് മന്ത്രി) |
| എ) | ഭക്ഷണത്തിൽ മായം ചേർക്കുന്നതുമായി ബന്ധപ്പെട്ട നിയമങ്ങളും ചട്ടങ്ങളും കാലോചിതമായി പരിഷ്കരിക്കാനുള്ള പദ്ധതി നിലവിലുണ്ടോ; | എ) ബി) & സി) | ഭക്ഷണത്തിൽ മായം ചേർക്കുന്നത് നിരോധിക്കുന്നതുമായി ബന്ധപ്പെട്ട് രാജ്യത്താകമാനമായി 2006 ലെ ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമവും അനുബന്ധചട്ടങ്ങളും റെഗുലേഷനുമാണ് നിലവിലുള്ളത്. ഈ നിയമം 2011 ഓഗസ്റ്റ് 5 മുതലാണ് നിലവിൽ വന്നത്. ടി നിയമം കാലോചിതമായി പരിഷ്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടത് കേന്ദ്ര സർക്കാരാണ്. |
| ബി) | ഇതിന്റെ കുറ്റത്തിനനുസരിച്ച് ശിക്ഷാ നടപടികളിൽ മാറ്റം വരുത്താൻ ആലോചിക്കുമോ; | | |
| സി) | ഉപഭോക്തൃ സംസ്ഥാനമായ കേരളത്തിൽ ഫുഡ് ആന്റ് സേഫ്റ്റി ആക്ട് ഭേദഗതി ചെയ്യാൻ ഉദ്ദേശിക്കുന്നുണ്ടോ;വ്യക്തമാക്കുമോ? | | |

സെക്ഷൻ ഓഫീസർ